"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥ സ്വാമി ക്ഷേത്ര രഥോത്സവത്തിന്റെ ഭാഗമായി രഥം സഞ്ചരിക്കുന്ന വീഥികളും, തെരുവുകളും വൃത്തിയാക്കാൻ 2023-24-ൽ നടപ്പാക്കിയ പ്രോജക്ടിന് തുക ചെലവഴിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.613/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14/10/2024-ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025ലെ 4.5 നമ്പർ തീരുമാനം.

**ഉത്തരവ്**

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥ സ്വാമി ക്ഷേത്ര രഥോത്സവത്തിന്റെ ഭാഗമായി രഥം സഞ്ചരിക്കുന്ന വീഥികളും, തെരുവുകളും വൃത്തിയാക്കാൻ 2023-24-ൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. എന്നാൽ തുക ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ തനതു ഫണ്ടിൽ നിന്നും പ്രസ്തുത തുക നല്കാൻ അനുമതി നല്കണമെന്നാവശ്യപ്പെട്ട് കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ പരിശോധിച്ചു.

2018-19 മുതൽ ഇതേ ആവശ്യത്തിന് അനുമതി നല്കിയിരുന്നതാണ് എന്നത് പരിഗണിച്ച് ബിൽ തുകയിൽ പരിമിതപ്പെടുത്തി പരമാവധി 1.50 ലക്ഷം (ഒരു ലക്ഷത്തി അമ്പതിനായിരം മാത്രം) രൂപ നല്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല.

സെക്രട്ടറി/പ്രസിഡന്റ്, കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം), തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിങ്, ഐ.ആന്റ് പി.ആർ.ഡി,

തിരുവനന്തപുരം.

കരുതൽ ഫയൽ /ഓഫീസ് കോപ്പി (LSGD-DA2/16/2025-LSGD)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 05-03-2025 15:24:21

സെക്ഷൻ ഓഫീസർ.